"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - എം.ഐ.എസ് ബ്ലോക്ക് കോ-ഓർഡിനേറ്റർമാർക്ക് നിലവിൽ നൽകി വരുന്ന വേതനമായ 15,000/- രൂപയിൽ നിന്നും 20,000/- രൂപയായി വേതനവർദ്ധനവ് നൽകിയും കുടുംബശ്രീയിലെ ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ വേതനം 20,000/- രൂപയായി ഏകീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2586/2024/LSGD    തീയതി,തിരുവനന്തപുരം, 31-12-2024

---

പരാമർശം:-

1. 20/09/2019-ലെ സ.ഉ.(സാധാ)നം.2031/2019/തസ്വഭവ
2. 05/03/2024 -ലെ കുടുംബശ്രീ ഗവേണിംഗ് ബോഡിയുടെ അജണ്ട നം.8 പ്രകാരമുള്ള തീരുമാനം.
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 09/06/2024 തീയതിയിലെ 1648/E2/2024/KSHO നം. കത്ത്.

**ഉത്തരവ്**

കുടുംബശ്രീയിലെ ബിരുദാനന്തര ബിരുദം അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള എൻ.ആർ.എൽ.എം, ഡി.ഡി.യു.ജി. കെ.വൈ എന്നീ പദ്ധതികൾക്കു കീഴിലുള്ള ബ്ലോക്ക് കോ-ഓർഡിനേറ്റർമാർക്ക് പ്രതിമാസ വേതനം 20,000/- രൂപയായും, വൊക്കേഷണൽ ഹയർ സെക്കണ്ടറി അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള എം.കെ.എസ്.പി ബ്ലോക്ക് കോ-ഓർഡിനേറ്റർമാർക്ക് പ്രതിമാസ വേതനം 15,000/-രൂപയായും വർദ്ധിപ്പിച്ച് പരാമർശം-1 പ്രകാരം ഉത്തരവായിരുന്നു.

2. 05/03/2024 -ന് കൂടിയ കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗം എല്ലാ ബ്ലോക്ക് കോ-ഓർഡിനേറ്റർമാർക്കും 20,000/- രൂപയായി വേതനം ഏകീകരിക്കുന്നത് സംബന്ധിച്ച് സർക്കാരിലേയ്ക്ക് ശുപാർശ നൽകുന്നതിന് പരാമർശം-2 പ്രകാരം തീരുമാനിക്കുകയുണ്ടായി എന്നും പി.ജി വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കും വി.എച്ച്.എസ്.ഇ യോഗ്യതയുള്ളവർക്കും നിലവിൽ 20,000/- രൂപ പ്രതിമാസം വേതനം നൽകുന്നുണ്ടെങ്കിലും കുടുംബശ്രീയുടെ ഏറ്റവും പ്രധാനപ്പെട്ട എം.ഐ.എസ് & സംഘടന, മൈക്രോഫിനാൻസ് തുടങ്ങിയ മൂന്ന് സെഷനുകൾ കൈകാര്യം ചെയ്യുന്ന, ബിരുദം യോഗ്യതയുള്ള എം.ഐ.എസ് ബ്ലോക്ക് കോ-ഓർഡിനേറ്റർമാർക്ക് 15,000/- രൂപ മാത്രമാണ് വേതനം നൽകുന്നത് എന്നും ഒരേ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് തുല്യ വേതനം ഉറപ്പാക്കുന്നതിന് എം.ഐ.എസ് ബ്ലോക്ക് കോ-ഓർഡിനേറ്റർമാർക്ക് നിലവിൽ നൽകി വരുന്ന വേതനമായ 15,000/- രൂപയിൽ നിന്നും 20,000/- രൂപയായി വേതനവർദ്ധനവ് നൽകി ഒരു ബ്ലോക്കിൽ സേവനമനുഷ്ഠിക്കുന്ന നാല് ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെയും വേതനം 20,000/- രൂപയായി ഏകീകരിച്ച് നൽകണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം-3 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീയിലെ എം.ഐ.എസ് ബ്ലോക്ക് കോ-ഓർഡിനേറ്റർമാർക്ക് നിലവിൽ നൽകി വരുന്ന വേതനമായ 15,000/- രൂപയിൽ നിന്നും 20,000/- രൂപയായി വേതനവർദ്ധനവ് നൽകിയും അപ്രകാരം ഒരു ബ്ലോക്കിൽ സേവനമനുഷ്ഠിക്കുന്ന നാല് ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെയും വേതനം 20,000/- (രൂപ ഇരുപതിനായിരം മാത്രം) രൂപയായി ഏകീകരിച്ചും ടി വേതനവർദ്ധനവിന് 01.01.2025 മുതൽ പ്രാബല്യം നല്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്.
ധനകാര്യ വകുപ്പ് ( 19.12.2024 തിയതിയിലെ WCD3/3/2022-FIN പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/395/2022-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 31-12-2024 16:45:12

സെക്ഷൻ ഓഫീസർ

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി. എസിന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ-ക്ക്